പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.* **306**</u> <u>14/03/2017-ൽ മറുപടിക്ക്</u>

## <u>ആതുരാലയങ്ങളുടെ പ്രവർത്തനം</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങ-ളുടെ പ്രവർത്തനം ക്രമീകരിക്കുന്ന-തിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനം ഇല്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | സ്വകാര്യ ലബോറട്ടറികളുടെ ചൂഷണം തടയാനായി പബ്ലിക് ഹെൽത്ത് ലാബുകൾ വ്യാപിപ്പി-ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഉണ്ട്. |
| സി) | വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ? | സി) | സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സൗജന്യ നിരക്കിൽ 24 മണിക്കൂറും ലബോറട്ടറി സംവിധാനം ലഭ്യമാണ്. തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രികളിലും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ